നിർദ്ദിഷ്ട പാർക്കുകളിൽ വ്യവസായികളെ കൊണ്ടുവരാൻ കിൻഫ്ര നടപടികളെടുത്തുവരുന്നു. ഇതിന്റെ ഭാഗമായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ബയോടെക്നോളജി മേഖലയിലെ ദേശീയ തലത്തിലും പ്രാദേശിക തലത്തിലുമുള്ള ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ചകൾ നടന്നുവരുന്നു.

(സി) കേരളത്തിന്റെ തനതായ പച്ച മരുന്നുകളുടേയും സുഗന്ധ സസ്യങ്ങളുടേയും ശേഖരം പരമാവധി പ്രയോജനപ്പെടുത്തി വ്യവസായ വികസനം ത്വരിതപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടിയുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

പച്ചമരുന്നുകളേയും സുഗന്ധ സസ്യങ്ങളേയും സംരക്ഷിക്കുന്നതിനും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി ഒരു ഹെർബൽ വില്ലേജ് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുവാൻ നടപടി

18 (*258) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സഹകരണ സ്ഥാപനങ്ങളിൽ ആകെയുള്ള സ്ഥിര നിക്ഷേപം എത്രയാണ് ;

(ബി) സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) സഹകരണ ബാങ്കുകളിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) 10,386.61 കോടി രൂപ

(ബി) സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുവാൻ "ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം", ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി, കോർപ്പറേഷന്റെ ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ സഹകരണ മേഖലയിൽ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകരിച്ചിട്ടുള്ള "കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി" (കോയിൻസ്) യുടെ ആഭിമുഖ്യത്തിൽ സ്ഥിര നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly